


# New Life in Heaven

**NOVEMBER 2021**

**“ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.” (യോഹ. 11:25)**

**LITTLE FLOWER CONGREGATION**
CST FATHERS



## ഫാ. ജോർജ്ജ് കുളംപള്ളി CST

രൂപത : പാല
ഇടവക : കോതനല്ലൂർ
ജനനം : 15 ഒക്ടോബർ 1942
സന്ന്യാസവ്രതം: 17 മെയ് 1963
തിരുപ്പട്ടം : 17 ഡിസംബർ 1971
**മരണം : 11 ഫെബ്രുവരി 2021**
കബറിടം : ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ
Family Contact : 7403592320

1942 ഒക്ടോബർ 15-ാം തീയതി പാലാ രൂപതയിലെ കോതനല്ലൂർ ഇടവകയിൽ ജോസഫ്-മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി കുളംപള്ളി കുടുംബത്തിൽ ജനിച്ചു. പ്രാഥമിക പഠനങ്ങൾക്ക് ശേഷം 1961 ജൂൺ 10-ാം തീയതി മൂക്കന്നൂർ ചെറുപുഷ്പ മൈനർ സെമിനാരിയിൽ ചേർന്നു. 1963 മെയ് 17-ാം തീയതി അച്ചൻ തന്റെ ആദ്യ വ്രതവാഗ്ദാനം നടത്തി. ഫിലോസഫി പഠനം ആലുവ സ്റ്റഡിഹൗസിൽ പൂർത്തിയാക്കുകയും ചെയ്തു. 1968 മെയ് 16-ാം തീയതി തന്റെ നിത്യവ്രത വാഗ്ദാനം നടത്തിയ അച്ചൻ ദൈവശാസ്ത്രപഠനം മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി 1971 ഡിസംബർ മാസം 17-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. 1972-ൽ ആലുവ സ്റ്റഡി ഹൗസിൽ സ്റ്റാഫായി തന്റെ പൗരോഹിത്യജീവിതം ആരംഭിച്ചു. 1972-73 കാലഘട്ടത്തിൽ പുത്തൻകുരിശിൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചു.

യുവവൈദികനായിരുന്ന ജോർജച്ചൻ 1973 ജൂലൈ മാസത്തിൽ ഭോപ്പാൽ മിഷനിൽ ഹർദ്ദ എന്ന മിഷൻ സ്റ്റേഷനിൽ തന്റെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രേഷിതതീക്ഷ്ണതയാൽ ജ്വലിച്ച ജോർജ് അച്ചൻ, 1975-ൽ ചെറുപുഷ്പസഭ ബനാറസ് മിഷൻ ഏറ്റെടുത്തപ്പോൾ സഭാധികാരികളുടെ നിർദ്ദേശപ്രകാരം ഭോപ്പാൽ മിഷൻ വിട്ട് ഉത്തർപ്രദേശിലെ ഗോരഖ്പൂർ മേഖലയിൽ അജപാലശുശ്രൂഷ ആരംഭിച്ചു. നീണ്ട പത്തുവർഷം അവിടെ ശുശ്രൂഷ ചെയ്തതിനുശേഷം തന്റെ മിഷനറി ജീവിതത്തിലെ അവിസ്മരണീയവും അവർണനീയവും എന്ന് അച്ചൻതന്നെ വിശേഷിപ്പിച്ച പഞ്ചാബ് മിഷനിൽ സുദീർഘമായ 35 വർഷങ്ങൾ ത്യാഗോജ്വലമായി ജീവിച്ചു.

ഈ കാലഘട്ടത്തിൽ അച്ചൻ അബോഹർ, ദാനേവാലാ, ഫസിൽക്ക, മുക്സർ, സിക്ക്വാലാ, ഫിറോസ്പൂർ, സീക്കർ തുടങ്ങിയ ഗ്രാമങ്ങളിൽ സുവിശേഷപ്രഘോഷണം നടത്തി അനേകായിരങ്ങൾക്ക് മാമ്മോദീസ്സാ നൽകി ക്രിസ്തീയജീവിതം പകർന്നു നൽകി എന്നത് മിഷനറിമാരായ നമുക്ക് മറക്കാനാകാത്ത ഒരു പ്രേരണാശക്തിയാണ്.

തീക്ഷ്ണമതിയായ ആ മിഷനറി 2018 മെയ് മാസം സാദിഖ് എന്ന ഗ്രാമത്തിൽ ഒരു പ്രാർത്ഥനാലയം പടുത്തുയർത്തുന്നതിന് നിയുക്തനായി. അതിനിടയിൽ കേരളത്തിൽ വന്നപ്പോൾ അവിചാരിതമായി ക്യാൻസർ ബാധിച്ച് ചികിത്സയിലായി.

അതികഠിനമായ രോഗാവസ്ഥയിലും ആത്മീയോപദേശത്തിനും പ്രാർത്ഥനയ്ക്കുമായി അനേകം പേർ ഫോണിൽ വിളിക്കുമ്പോഴും സാന്ത്വനവാക്കുകളിലൂടെയും പ്രാർത്ഥനയിലൂടെയും അവരെ ആശ്വസിപ്പിക്കുന്ന കാഴ്ച ഏവർക്കും പ്രചോദനവുമായിരുന്നു.

രോഗത്തിന് അൽപം ആശ്വാസം ലഭിച്ചപ്പോൾ തീക്ഷ്ണതയാൽ മിഷനിലേക്ക് തിരിച്ചുപോകുവാൻ അദ്ദേഹം തിടുക്കം കൂട്ടുകയും മലോട്ടുള്ള ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിൽ ആദ്ധ്യാത്മികപിതാവായി ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. എങ്കിലും വീണ്ടും രോഗം മൂർച്ഛിക്കുകയും വിദഗ്ദ്ധ ചികിത്സക്കായി 2020 നവംബർ മാസം കേരളത്തിലേക്ക് തിരിച്ചെത്തുകയും ചെയ്തു. പല ആശുപത്രികളിൽ വിദഗ്ദ്ധമായ ചികിത്സ ലഭിച്ചു എങ്കിലും അദ്ദേഹത്തിന്റെ നിലയിൽ ഗണ്യമായ പുരോഗതിയുണ്ടായില്ല.

എന്റെ സ്വർഗവാസം ഭൂമിയിൽ നന്മയ്ക്കായി ചെലവഴിക്കും എന്ന വി. കൊച്ചുത്രേസ്യയുടെ ആഗ്രഹം ആത്മനാ സ്വീകരിച്ചുകൊണ്ട് ധന്യനായ ആ മിഷനറി പ്രേഷിത ചൈതന്യത്തിന്റെ ശോഭ പകർത്തികൊണ്ട് 2021 ഫെബ്രുവരി 11 പ്രഭാതത്തിൽ 4.30 ന് പെരുമ്പാവൂർ സാൻജോ ഹോസ്പിറ്റലിൽ വച്ച് നിത്യപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി.

ഫെബ്രുവരി 12 ന് അച്ചന്റെ ഭൗതിക ശരീരം മുടിക്കൽ ക്രിസ്തുജ്യോതി മിഷൻ ഭവനിലേക്ക് കൊണ്ടുവരികയും ക്രിസ്തുജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യാളച്ചൻ ബഹു. ഫാ. ജോർജ് ആലുക്ക സി.എസ്.റ്റി. മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തുകയും ചെയ്തു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവും മറ്റു വൈദികരും സിസ്റ്റേഴ്സും അച്ചന്റെ ബന്ധുമിത്രാദികളും ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുവാൻ സന്നിഹിതരായിരുന്നു. ചെറുപുഷ്പസഭയുടെ ജനറാളച്ചൻ ബഹു. ഫാ. ജോജോ വരകുകാലായിൽ സി.എസ്.റ്റി മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നിർവഹിച്ചു. പത്ത് മണിയോടെ അച്ചന്റെ ഭൗതിക ശരീരം ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിലേക്ക് എത്തിച്ചു.

മൂന്നാം ഭാഗമായ ദിവ്യബലി ചെറുപുഷ്പസഭയുടെ ജനറാളച്ചൻ അർപ്പിക്കുകയും ക്രിസ്തുജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ സുപ്പീരിയർ അനുശോചന സന്ദേശം നൽകുകയും ചെയ്തു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് സംസ്കാര ശുശ്രൂഷയുടെ നാലാം ഭാഗം നിർവഹിച്ച് അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ വികാരനിർഭരമായ നിമിഷങ്ങൾക്ക് ചെറുപുഷ്പസഭ വിശിഷ്യാ ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയങ്കണം സാക്ഷ്യം വഹിക്കുകയായിരുന്നു. സ്വർഗീയ ഗണങ്ങളുടെ ഇടയിലേക്ക് കുഞ്ഞാത്മാക്കളുടെ ചെറുഗണത്തിൽ നിന്ന് വിശുദ്ധിയുടേയും സ്നേഹത്തിന്റേയും ലാളിത്യത്തിന്റേയും പര്യായമായ ഒരു അപ്പൂപ്പൻതാടികൂടി പറന്നുയർന്നു.



## ഫാ. റോബർട്ട് കളാരൻ CST

രൂപത : എറണാകുളം - അങ്കമാലി അതിരൂപത
ഇടവക : ചാലിൽ
ജനനം : 17 സെപ്തംബർ 1940
സന്ന്യാസവ്രതം: 17 മെയ് 1960
തിരുപ്പട്ടം : 26 ഡിസംബർ 1968
**മരണം : 07 മാർച്ച് 2021**
കബറിടം : ബേസിൽ ഭവൻ, മൂക്കന്നൂർ
Family Contact : 9446119611

എറണാകുളം - അങ്കമാലി അതിരൂപത ചേർത്തല ചാലിൽ തിരുഹൃദയ ഇടവക കളാരൻ ഔസേഫ് - അന്നമ്മ ദമ്പതികളുടെ നീണ്ട ഇരുപത് വർഷത്തെ കാത്തിരിപ്പിന്റെയും വി. അൽഫോൻസാമ്മയോടുള്ള തീക്ഷ്ണമായ പ്രാർത്ഥനയുടെയും അനുഗ്രഹമാണ് 1940 സെപ്തംബർ 17-ാം തീയിതി ജനിച്ച ഫാ. റോബർട്ട്. വർക്കി, ചാക്കോ, തോമസ് എന്നിവരാണ് സഹോദരങ്ങൾ. മരുത്തോർവട്ടം ഗവൺമെന്റ് സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും കണ്ണൻകര ഗവൺമെന്റ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ റോബർട്ട് അച്ചൻ 1958 ജൂൺ 9-ാം തീയതി ചെറുപുഷ്പസഭയിൽ വൈദികാർത്ഥിയായി പ്രവേശിച്ചു. മൂക്കന്നൂർ ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റിൽ നവസന്ന്യാസം പൂർത്തിയാക്കി, 1960 മേയ് 17-ന് ചെറുപുഷ്പസഭയിൽ ആദ്യവ്രതവാഗ്ദാനം നടത്തി. ആലുവ കാർമ്മൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്രപഠനവും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കിയതിനുശേഷം 1968 ഡിസംബർ 26-ന് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ കൈവയ്പു ശുശ്രൂഷയിലൂടെ അഭിഷിക്തനായി.

1969-70 കാലഘട്ടത്തിൽ ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ സ്റ്റാഫായി സേവനം അനുഷ്ഠിച്ച റോബർട്ടച്ചൻ അതിനുശേഷം 12 വർഷക്കാലം സഭയുടെ ഗോരഖ്പൂർ മിഷനിൽ തന്റെ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. 1982 മുതൽ 1984 വരെ തൃക്കാക്കര ജനറലേറ്റിൽ അച്ചൻ അംഗമായിരുന്നു. 1986 മുതൽ 1988 വരെ റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽ മിസിയോളജിയിൽ ഉന്നതപഠനം നടത്തി. തുടർന്ന് 12 വർഷക്കാലം ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ട്, ഔസ്ബുർഗ് രൂപതകളിൽ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. 1999ൽ സഭയുടെ സുപ്പീരിയർ ജനറലായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. 2003 മുതൽ ആലുവ സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിലും കിടങ്ങൂർ ന്യൂ ഹൊറൈസൺ ആശ്രമത്തിലും കുറുമശ്ശേരി ചെറുപുഷ്പാശ്രമത്തിലുമായിരുന്നുകൊണ്ട് റോബർട്ടച്ചൻ താൻ വിഭാവനം ചെയ്ത ഭവനപദ്ധതി നടപ്പിലാക്കി. അങ്ങനെ ചെറുപുഷ്പസഭയുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് അച്ചൻ ശ്രമിച്ചു. അച്ചൻ ജർമ്മനിയിൽ സേവനം ചെയ്ത

ഇടവകകളിലെ വിശ്വാസികളുടെ സഹായത്തോടെ പാവപ്പെട്ട ഭവനരഹിതർക്ക് അത്താണിയായി മാറി.

2019 സെപ്തംബറിൽ വിശ്രമജീവിതത്തിനായി മൂക്കന്നൂർ ബേസിൽ ഭവനിൽ അച്ചൻ എത്തിച്ചേർന്നു. 2021 മാർച്ച് 7-ാം തീയതി ഞായറാഴ്ച രാവിലെ ആരോഗ്യപ്രശ്നങ്ങളാൽ വി. കുർബാന സ്വീകരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ട അച്ചനെ പെട്ടെന്നുതന്നെ മൂക്കന്നൂർ മാർ അഗസ്റ്റ്യൻ ഗോൾഡൻ ജൂബിലി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബേസിൽ ഭവൻ സുപ്പീരിയർ ഫാ. ജോബി ചുള്ളി റോബർട്ടച്ചന് രോഗീലേപനം നൽകി. 9.30 ന് ഡോക്ടർമാർ അച്ചന്റെ മരണം സ്ഥിരീകരിച്ചു. മൂക്കന്നൂർ ബേസിൽ ഭവൻ ആശ്രമദേവാലയത്തിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് ശേഷം അച്ചന്റെ ഭൗതീകശരീരം ആശ്രമദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

ചെറിയവരാകുക ചെറിയവരുടെ പക്ഷം ചേരുക എന്ന ചെറുപുഷ്പ സഭയുടെ സിദ്ധിയും തനിമയും റോബർട്ടച്ചൻ തന്റെ ജീവിതത്തിലൂടെ പ്രത്യേകിച്ച്, ഭവനനിർമ്മാണ പദ്ധതയിലൂടെ അന്വർത്ഥമാക്കി. ചെറിയവരെക്കൊണ്ട് ദൈവം സമൂഹത്തിലെ അവസാനത്തവർക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്തതിന്റെ ചരിത്രമാണ് ബഹുമാനപ്പെട്ട റോബർട്ട് കളാരനച്ചന്റെ ജീവചരിത്രം.



## ഫാ. എബിൻ കുഴിമുള്ളിൽ CST

രൂപത : ഇടുക്കി
ഇടവക : ജോസ്ഗിരി
ജനനം : 06 ഏപ്രിൽ 1988
സന്ന്യാസവ്രതം: 17 മെയ് 2007
തിരുപ്പട്ടം : 02 ജനുവരി 2018
**മരണം : 11 മെയ് 2021**
കബറിടം : ബേസിൽ ഭവൻ, മൂക്കന്നൂർ
Family Contact : 9747346912

ഇടുക്കി ജോസ്ഗിരി ഇടവകയിൽ സെബാസ്റ്റ്യൻ - മാർഗരറ്റ് ദമ്പതികളുടെ മകനായി 1988 ഏപ്രിൽ 6-ാം തീയതി എബിനച്ചൻ ജനിച്ചു. ജോസ്ഗിരി സെന്റ് ജോസഫ് യു.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽനിന്നും SSLC പൂർത്തിയാക്കി. തുടർന്ന് 2003 ജൂൺ മാസം 1-ാം തീയതി പൂവത്തോടുള്ള ചെറുപുഷ്പസഭയുടെ മൈനർ സെമിനാരിയിൽ പ്രവേശിച്ച് പരിശീലനം ആരംഭിച്ചു. 2004-2006 കാലഘട്ടത്തിൽ കോതമംഗലം ലിറ്റിൽ ഫ്ളവർ സ്റ്റഡി ഹൗസിൽനിന്നും ഹയർസെക്കൻഡറി പഠനം പൂർത്തിയാക്കി ഒരു വർഷം നവസന്യാസപരിശീലനത്തിനായി മൂക്കന്നൂർ ബേസിൽ ഭവനിൽ എത്തിച്ചേർന്നു. 2007 മെയ് 17-ാം തീയതി ആദ്യവ്രതവാഗ്ദാനം നടത്തി. 2007 മുതൽ 2010 വരെ ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ തത്ത്വശാസ്ത്രപഠനവും ബിരുദപഠനവും നടത്തി. തുടർന്ന് ഒരു

വർഷം പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി തടവുകാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംഘടനയിൽ, POC കേന്ദ്രീകരിച്ച് ശുശ്രൂഷ ചെയ്തു. വേദനിക്കുന്നവരോടും ആലംബഹീനരോടുമുള്ള അച്ചന്റെ പ്രത്യേക ശ്രദ്ധയും കരുതലും കണ്ടുകൊണ്ടാവണം തുടർന്ന് MSW പഠനം നടത്തുവാനായി കോഴിക്കോട് ലിസ കോളേജിലേക്ക് അച്ചനെ അധികാരികൾ അയച്ചത്.

ഉപരിപഠനത്തിനുശേഷം 2014-2017 കാലയളവിൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 2017 മെയ് മുതൽ നവംബർ വരെ ഡീക്കൻ മിനിസ്ട്രിയുടെ ഭാഗമായി മുരിയാട് പെനിയേൽ വില്ലേജിൽ മാനസികമായി വെല്ലുവിളി നേരിടുന്ന സഹോദരങ്ങൾക്കിടയിൽ ശുശ്രൂഷ നിർവ്വഹിച്ചു. 2018 ജനുവരി 2-ാം തീയതി ജോസ്ഗിരി ഇടവകയിൽ വച്ച് സത്ന രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കൊടകല്ലിൽ പിതാവിൽ നിന്നും എബിനച്ചൻ പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതയിൽ വെള്ളാരം കുന്ന്, പൊടിമറ്റം ഇടവകകളിൽ അസി. വികാരിയായി സേവനം അനുഷ്ഠിച്ചു.

അദിലാബാദ് രൂപതയിൽ, ചെറുപുഷ്പസഭ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ അദ്യമിഷനറിമാരിലൊരുവനായി പോകുവാൻ എബിനച്ചൻ തയ്യാറായിരുന്നു. 2019 മാർച്ച് മാസത്തിൽ അച്ചൻ മിഷനിലേക്ക് യാത്രയായി. എപ്പോഴും ഏതു കാര്യത്തിനും മുന്നിട്ടിറങ്ങുന്നതിൽ അദ്ദേഹത്തിന് മടിയില്ലായിരുന്നു. ഹൃദയസംബന്ധമായ അസ്വസ്ഥത ബാധിച്ചപ്പോഴും തീക്ഷ്ണതയോടെ ഏറ്റെടുത്ത മിഷനിൽത്തന്നെ കോവിഡ് പ്രതിസന്ധിഘട്ടത്തിലും തുടർന്നു. അദിലാബാദ് രൂപതയിൽ ഇച്ചോദ, രാംപൂർ ഇടവകകളിൽ അച്ചൻ സഹവികാരിയായി ശുശ്രൂഷ ചെയ്തു. ഒരു വർഷക്കാലം അദിലാബാദ് കാത്തലിക് യൂത്ത്മൂവ്മെന്റിന്റെ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. 2020 ജൂലൈ മുതൽ അദിലാബാദ് കത്തീഡ്രലിന്റെ സഹവികാരിയായി സേവനം ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് 2021 മെയ് 3-ാം തീയതി കോവിഡ് ബാധിച്ചതായി അറിയുന്നത്. 5-ാം തീയതി കാമറെഡ്ഢി ജീവദാൻ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച് ചികിത്സ ആരംഭിച്ചു. നേരത്തെ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് വിദഗ്ദ്ധ ചികിത്സയ്ക്കായി ഹൈദരാബാദുള്ള സെന്റ് തെരേസാസ് ഹോസ്പിറ്റലിലേക്ക് അച്ചനെ മാറ്റി. കോവിഡ് ബാധയുടെ ഗുരുതരമായ രോഗലക്ഷണങ്ങൾ കാണിച്ചിരുന്നെങ്കിലും 11-ാം തീയതി രാത്രി 10.30 ന് ഉണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് അച്ചൻ നമ്മിൽനിന്ന് വേർപിരിഞ്ഞു.

കോവിഡ് പശ്ചാത്തലത്തിൽ അച്ചന്റെ ഭൗതികശരീരം നാട്ടിൽ കൊണ്ടുവരാൻ സാധിക്കാത്തതിനാൽ 12-ാം തീയതി ഹൈദരാബാദിൽ വച്ചുതന്നെ ദഹിപ്പിച്ചു. അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടനും, വൈദികരും, സിസ്റ്റേഴ്സും, ചെറുപുഷ്പസഭയുടെ പ്രതിനിധികളായി സജി മാത്യു കണയങ്കലച്ചനും, മാത്യൂസ് ആണ്ടുരച്ചനും കർമ്മങ്ങളിൽ പങ്കുചേർന്നു. മെയ് 14-ാം

തീയതി ഉച്ചയ്ക്ക് 12.30 ന് അച്ചന്റെ ഭൗതികാവശിഷ്ടം നാട്ടിൽ കൊണ്ടുവന്ന് മൂക്കന്നൂർ ബേസിൽ ഭവൻ ആശ്രമദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു.

ഈ ഒരു ജീവചരിത്രത്തിനപ്പുറത്തുള്ള ഒരു എബിനച്ചൻ ഉണ്ട്. അത് നമ്മുടെ ഒക്കെ ഹൃദയത്തിൽ ഇടം നേടിയ എബിനച്ചനാണ്. മാത്രമല്ല അതു തുടരുന്നതിലും പരിപാലിക്കുന്നതിലും എബിനച്ചൻ ശ്രദ്ധിച്ചിരുന്നു. അതിലുപരി നമുക്ക് വേണ്ടപ്പെട്ട, പ്രിയപ്പെട്ട സ്വർഗ്ഗത്തിലെ ആളാണ്. സ്വന്തം കാര്യം നോക്കാതെ ആർക്കുവേണ്ടിയും സധൈര്യം ഇറങ്ങിപ്പുറപ്പെട്ട അച്ചന് സ്വർഗ്ഗത്തിലും നമുക്കുവേണ്ടി അത് തുടരാതിരിക്കാനാവില്ല.



## ഫാ. ബെന്നി കോനൂരാൻ CST

| | |
|---|---|
| രൂപത | : തലശ്ശേരി അതിരൂപത |
| ഇടവക | : മണിക്കടവ് |
| ജനനം | : 28 ഫെബ്രുവരി 1973 |
| സന്ന്യാസവ്രതം | : 17 മെയ് 1994 |
| തിരുപ്പട്ടം | : 28 ഏപ്രിൽ 2004 |
| **മരണം** | **: 21 മെയ് 2021** |
| കബറിടം | : ലിറ്റിൽ ഫ്ളവർ ആശ്രമം, ജംഗിൾസിക്രി, ഗോരഖ്പൂർ |

Family Contact : 9447688429, 9744583240

ബഹുമാനപ്പെട്ട ബെന്നിയച്ചൻ 1973 ഫെബ്രുവരി 28-ാം തീയതി വർഗ്ഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ 9 മക്കളിൽ നാലാമനായി തലശ്ശേരി അതിരൂപതയിലെ മണിക്കടവിൽ ജനിച്ചു. മണിക്കടവ് സെന്റ് തോമസ് ഹൈസ്ക്കൂളിൽ തന്റെ സ്കൂൾ പഠനം പൂർത്തിയാക്കിയശേഷം 1990 ജൂൺ 16 ന് ബെന്നിയച്ചൻ ചെറുപുഷ്പ സന്യാസസഭയിൽ ചേർന്നു. ഗോരഖ്പൂരുള്ള ജ്യോതിഭവനിൽ അദ്ദേഹം തന്റെ മൈനർ സെമിനാരി പഠനം നടത്തി. 1993 മെയ് 16 ന് ചാത്തമുണ്ടയിലുള്ള നവസന്യാസ പരിശീലനം ആരംഭിക്കുകയും 1994 മെയ് 17 ന് തന്റെ ആദ്യ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്ന് ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിലെ തത്ത്വശാസ്ത്ര പഠനത്തിനുശേഷം കോഴിക്കോടുള്ള ദേവഗിരി കോളേജിൽ ഡിഗ്രിപഠനത്തിനായി ചേരുകയും ചെയ്തു. തുടർന്ന് 1999ൽ ബസ്തി ബേസിൽ ഭവനിൽ തന്റെ പ്രായോഗിക പരിശീലനം പൂർത്തിയാക്കി. ആഷ്ടയിലുള്ള Khrist Premalaya സെമിനാരിയിൽ തിയോളജി പഠനം നടത്തുകയും 2004 ഏപ്രിൽ 28 ന് ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനാവുകയും ചെയ്തു. ചാത്തമുണ്ട ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റിൽ അസിസ്റ്റന്റ് നോവിസ് മാസ്റ്ററായിട്ടായിരുന്നു അദ്ദേഹത്തിന്റെ ആദ്യനിയമനം. അതിനുശേഷം 2007ൽ ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ സ്റ്റാഫായും പിന്നീട് പ്രൊക്യുറേറ്ററായും നിയമിതനായി. തുടർന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഉന്നത ബിരുദവും പിന്നീട്

M.Phil. ഉം നേടി. തന്റെ പഠനത്തിനുശേഷം 2014-ൽ അദ്ദേഹം വാട്ടർഗഞ്ച് ജ്യോതിഗുരുകുൽ മൈനർ സെമിനാരിയിൽ സ്റ്റാഫായും പിന്നീട് റെക്ടറായും നിയമിതനായി. 2016-ൽ വെട്ടിക്കാട്ടിരി ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിൽ റെക്ടറായും സുപ്പീരിയറായും നിയമിതനായി. അനേകവർഷത്തെ ഫോർമേഷൻ ചുമതലയ്ക്ക് ശേഷം 2021-ൽ അദ്ദേഹം ശ്രാവസ്തി ലിറ്റിൽ ഫ്ളവർ ആശ്രമത്തിന്റെ സുപ്പീരിയറായും ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ പ്രിൻസിപ്പാളായും നിയമിതനായി. 2021 ഏപ്രിൽ 23 ന് കോവിഡ് ബാധിതനായി ശ്രാവസ്തി ആശ്രമത്തിൽ ക്വാറന്റൈനിൽ കഴിയവെ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് ഏപ്രിൽ 28 ന് ഗോരഖ്പൂർ ഫാത്തിമ ഹോസ്പിറ്റലിലേക്ക് മാറ്റി. അതിനുശേഷം അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി കൂടുതൽ മോശമാവുകയാൽ മെയ് 9 ന് അദ്ദേഹത്തെ ഐ.സി.യു.വിലേക്ക് മാറ്റുകയും മെയ് 13 മുതൽ വെന്റിലേറ്റർ സപ്പോർട്ട് നൽകുകയും ചെയ്തു. തുടർന്ന് അദ്ദേഹം കോവിഡ് നെഗറ്റീവ് ആകുകയും ആരോഗ്യസ്ഥിതിയിലേക്ക് തിരിച്ചുവരികയും ചെയ്തു. മെയ് 21 ന് അദ്ദേഹത്തിന്റെ ഓക്സിജൻ സാച്ചുറേഷൻ ലെവൽ പെട്ടെന്ന് കുറയുകയും അദ്ദേഹത്തിന് മസ്തിഷ്ക രക്തസ്രാവം സംഭവിക്കുകയും ചെയ്തു. രാത്രി 11 മണിക്ക് അദ്ദേഹം നമ്മെവിട്ട് സ്വർഗ്ഗത്തിലേക്ക് യാത്രയായി. മൃതസംസ്കാര ശുശ്രൂഷകൾക്ക് ശേഷം അച്ചന്റെ ഭൗതീകശരീരം ഗോരഖ്പൂരുള്ള ജംഗിൾസിക്രി ലിറ്റിൽ ഫ്ളവർ ആശ്രമദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

ബഹുമാനപ്പെട്ട ബെന്നിയച്ചൻ ഇന്ന് ഒരു തിളങ്ങുന്ന ഓർമ്മയാണ്. മരണം വഴി വേർപെട്ട്പോയെങ്കിലും അച്ചനെ അറിയുന്നവരുടെ ഹൃദയത്തിൽ അച്ചൻ എന്നും ജീവിക്കും എന്നത് നിശ്ചയമായ ഒരു കാര്യമാണ്. ദൈവസ്നേഹവും സഹോദരസ്നേഹവും ജീവിതത്തിൽ അനുഭവിക്കാനും പ്രാവർത്തികമാക്കാനും തന്റെ വിദ്യാർത്ഥികളെ പഠിപ്പിച്ച തീക്ഷ്ണമതിയായ മിഷനറി ആയിരുന്നു. ബെന്നിയച്ചൻ ഈ ഭൂമിയിലെ തന്റെ തീർത്ഥാടനം പൂർത്തിയാക്കി നിത്യസ്നേഹവും സമാധാനവും ആയ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്.